പ്രസരണ നഷ്ടത്തിലെ കുറവും ബോർഡിന്റെ ലാഭവർദ്ധനവും

14 [*218] വി. ഡി. സതീശൻ :

പ്രൊഫസർ കെ. വി. തോമസ്:

ഡോക്ടർ എം. എ. കുട്ടപ്പൻ :

ശ്രീ. കെ. എ. ചന്ദ്രൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വൈദ്യുതിയുടെ പ്രസരണനഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളെടുത്തു;

(ബി) അതിനുവേണ്ടി എന്തു തുക ചെലവഴിച്ചു ;

(സി) അതിന്റെ ഫലമായി പ്രസരണനഷ്ടം എത്രമാത്രം കുറഞ്ഞു ;

(ഡി) ഇതിന്റെ ഫലമായി ബോർഡിനുണ്ടാകുന്ന പ്രതിവർഷ ലാഭമെത്രയാണെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 81 സബ്സ്റ്റേഷനുകളുടെയും അനുബന്ധലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ നിലവിലുള്ള സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, വിവിധ സബ് സ്റ്റേഷനുകളിൽ കപ്പാസിറ്ററുകൾ സ്ഥാപിക്കുക, എനർജി ആഡിറ്റ് നടപ്പിലാക്കുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി 606.69 കോടി രൂപ ചെലവഴിച്ചു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി 2001-02-ൽ 7.64 ശതമാനം ഉണ്ടായിരുന്ന പ്രസരണ മേഖലയിലുള്ള നഷ്ടം 2004-05-ൽ (12/04 വരെ) 4.47 ശതമാനമായി കുറയ്ക്കുവാൻ സാധിച്ചു.

(ഡി) ഇതിന്റെ ഫലമായി ബോർഡിന് പ്രതിവർഷം 51 കോടി രൂപയുടെ ലാഭമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കാർഷിക മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

15 (*219) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഇവയിൽ 2004-05 കാലയളവിൽ ഏതെല്ലാം പ്രോജക്ടുകൾ അംഗീകരിക്കപ്പെട്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രാംഗീകാരമുള്ള ഈ പ്രോജക്ടുകൾക്കായി 2004-05 കാലയളവിൽ എത്ര തുക ധനസഹായമായി ലഭിച്ചിട്ടുണ്ട് ;

(ഡി) ഇതിൽ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട് ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാരിന് മൊത്തം 2419.2154 കോടി രൂപയുടെ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

(1) കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം— 395.54 കോടി രൂപ.

(2) കശുവണ്ടി കൃഷിയുടെ പുനരുദ്ധാരണം— 97 കോടി രൂപ.

(3) കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ— 1924.67 കോടി രൂപ

(4) ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ—0.7823 കോടി രൂപ

(5) പുതിയ ബയോ കൺട്രോൾ ലാബ് നിർമ്മാണം—0.9071 കോടി രൂപ.

(6) വിത്ത് പരിശോധന ലബോറട്ടറികൾ, സീഡ് അതോറിറ്റി എന്നിവ ശക്തിപ്പെടുത്തുന്നതിന്—0.3160 കോടി രൂപ.

(ബി) കുരുമുളക്, കശുമാവ് എന്നീ വിളകൾക്കുവേണ്ടി റീപ്ലാന്റേഷനുവേണ്ടിയുള്ള പദ്ധതി അംഗീകരിച്ചു.

(സി) കുരുമുളക്, കശുമാവ് എന്നീ പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതമായി ഉദ്ദേശിക്കപ്പെട്ട 40 കോടി രൂപയിൽ 30 കോടി രൂപ അംഗീകരിക്കുകയും അതിൽ 10 കോടി രൂപ ആദ്യഘട്ടമായി അനുവദിക്കുകയുമുണ്ടായി.

(ഡി) പ്രോജക്ടുകൾക്കുള്ള കേന്ദ്രാനുമതി ഇപ്പോൾ ലഭിച്ചതേയുള്ളൂ. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

മിൽമ മദർ ഡയറി

16 [*220] ശ്രീ. പി. ശങ്കരൻ :

,, ശ്രീമതി രാധാരാഘവൻ:

,, ശ്രീ. കെ. സി. ജോസഫ് :

,, എം. എ. വാഹിദ് :

,, പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ-മദർ ഡയറി സംരംഭത്തിൽ നിന്ന് മിൽമ പിൻവാങ്ങിയത് എന്നുമുതലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത സംരംഭത്തിൽ മിൽമ ചേർന്നതുകൊണ്ട് മിൽമയ്ക്കുണ്ടായ നഷ്ടം എത്രയാണ് ;

(സി) മിൽമയുടെ സമഗ്രവികസന പദ്ധതിക്ക് ധനസഹായം ലഭിക്കുന്നതിന് എൻ. ഡി. ഡി. ബി. -ക്ക് പദ്ധതി സമർപ്പിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly